**Week-3**

## Weekly Devotion - September 2016

## Flourishing Olive tree (തഴച്ചിരിക്കുന്ന ഒലിവ് വൃക്ഷം)




ചൈനയുടെ പടിഞ്ഞാറു ഭാഗത്ത് സുവിശേഷവേല ചെയ്തു കൊണ്ടിരുന്ന ഒരു ക്രിസ്ത്യൻ മിഷിനറിയെ ആ നാട്ടുകാരായ ഒരു കുട്ടും ജനങ്ങൾ കൊല്ലുവാൻ വേണ്ടി ആക്രമിച്ചു. ഭയന്നോടിയ അദ്ദേഹം തൊട്ടടുത്ത പുഴയിൽ കിടക്കുന്ന വഞ്ചിയിൽ കയറാമെന്ന് ആഗ്രഹിച്ചപ്പോൾ ശത്രുക്കൾ തന്നോട് അടുത്തായി കണ്ടു. പെട്ടെന്ന് അയാൾ വെള്ളത്തിൽ ചാടി. വെള്ളത്തിനു മുകളിൽ തലവരാതെ ശ്രദ്ധിച്ചായിരുന്നു നീന്തിയത്. രക്ഷപെട്ട അദ്ദേഹം സുഹൃത്തുക്കളോട് സംഭവം വിവരിച്ചപ്പോൾ, ഏത് വാക്യമാണ് അപ്പോൾ ഹൃദയത്തിൽ വന്നതെന്ന് അവർ തിരക്കി. വാക്യമോ, എന്തിന്, കർത്താവു തന്നെ എന്റെ കൂടെ ഉണ്ടായിരുന്നു, എന്ന് അദ്ദേഹം മറുപടി പറഞ്ഞു. അതു കൊണ്ടാണല്ലോ നീന്തറിയാത്ത ഞാൻ ഇരട്ടി ശക്തിയോടെ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നത്. ദൈവത്തോട് ചേർന്ന് നിൽക്കുന്നവർ "പച്ചയായി തഴെച്ചു നിൽക്കുന്ന ഒലിവു വൃക്ഷം പോലെ" എന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ ഉറച്ച വിശ്വാസത്തിന്റേതായിരുന്നു.

നല്ല വൃക്ഷത്തിൽ നിന്ന് എപ്പോഴും നല്ല ഫലം ലഭിക്കുകയും അത് മറ്റുള്ളവർക്ക് പ്രയോജനമുള്ളതാകുകയും ചെയ്യുന്നം. എന്നാൽ ആകാത്ത വൃക്ഷത്തിൽ നിന്ന് ആകാത്ത ഫലമേ ഉണ്ടാകുകയുള്ളു. ഇപ്രകാരമുള്ള മനുഷ്യരുടെ വാക്കും പ്രവർത്തിയും മറ്റുള്ളവരെ വേദനപ്പിക്കുന്നതും ആയിരിയ്ക്കും. നാവിന് കടിഞ്ഞാൺ ഇട്ടാൽ കൈകളുടെ പ്രവർത്തിയും ഒരു പരിധി വരെ ക്രമീകൃതമാക്കാം. നാവിന് കടിഞ്ഞാൺ ഇടുക എന്ന് പറഞ്ഞാൽ മുൻപോട്ട് പോകാതെ നിർത്തേണ്ടിടത്ത് നിർത്തുക എന്നാണ്. അന്നും ഇന്നും എന്നും ലോകത്ത് നടമാടിക്കൊണ്ടിരിക്കുന്ന എല്ലാ പൈശാചിക പ്രവർത്തനങ്ങളുടേയും അടിസ്ഥാന കാരണം മനുഷ്യന്റെ അധരങ്ങളിൽ നിന്ന് പുറപ്പെടുന്ന വാക്കുകളുടെ പ്രവാഹമാണ്. "വെളിച്ചം ഉണ്ടാകട്ടെ" എന്ന് പ്രപഞ്ചസൃഷ്ടാവ് ഉച്ചരിച്ച ആദ്യ ശബ്ദ തരംഗം വെളിച്ചം കൊണ്ടുവന്നതുപോലെ നമ്മുടെ അധരചലനം മറ്റുള്ളവരുടെ ജീവിതത്തിലും വെളിച്ചം നല്കുന്നതാകണം.

1ശമു:(21,22) അദ്ധ്യായങ്ങളിൽ അഭിഷക്തനായ ദാവീദിന്റെ വിവരങ്ങൾ ചോർത്തി ശൗലിനെ അറിയിക്കുന്ന ദുഷ്ടനായ ചാരനാണ് ദോവേഗ്. അഹീമേലെക്കിന്റെ അടുക്കൽ ചെന്ന ദാവീദ് ഭക്ഷണവും വാളും വാങ്ങി എന്ന വിവരം ശൗലിനെ അറിയിച്ചത് ദോവേഗാണ്. അഹീമേലെക്കിനേയും , പിതൃഭവനക്കാരായ നോബിലെ സകല പുരോഹിതൻമാരേയും, അവർക്കുള്ളവരെയും കൊല്ലുവാനുള്ള ശൗലിന്റെ കല്പന അനുസരിച്ചതും ദോവോഗാണ്.ജീവിതത്തിന്റെ വെളിച്ചം നഷ്ടമായ ഇവൻ ദ്രവ്യ സമൃദ്ധി ആഗ്രഹിക്കുന്ന ആകാത്ത വൃക്ഷമാണ്. സങ്കീ(37:35-36) വരെയുള്ള വാക്യങ്ങളിൽ ദാവീദ് രാജാവ് നമുക്കൊരു മുന്നറിയിപ്പ് തരുന്നത് ശ്രദ്ധിക്കുക. ദുഷ്ടനും പച്ചവൃക്ഷം പോലെ തഴയ്ക്കും. ധനവും ദുഷ്ടതയും ചേർന്നുള്ള ഭീകര തയിൽ അവൻ തന്നെ നശിക്കും, ഒന്നു കണ്ടവർ അവനെ പിന്നീട് അവനെ കാണാത്തവിധം ദൈവം അവനെ നിർമ്മൂലമാക്കും.

ദാവീദിന്റെ പതനം ശത്രു ആഗ്രഹിച്ചു. എന്നാൽ ദാവീദ് പറയുന്നത് നോക്കാം. യഹോവയെ ശരണമാക്കി അവനോട് ചേർന്ന് നടന്നതിനാൽ ഇപ്പോഴും " ഞാൻ ദൈവത്തിന്റെ ആലയത്തിങ്കൽ തഴച്ചിരിക്കുന്ന ഒലിവു വൃക്ഷം പോലെ ആകുന്നു" (സങ്കീ:52:8). ഈ ഒലിവിന് ഒരു പ്രത്യേകതയുണ്ട്, ഇത് യജമാനൻ നട്ടതാണ്, അതായത് ഒലിവു വൃക്ഷം യജമാനന്റെ നോട്ടത്തിൽ കീഴെയാണ്. (യിരെ :11:16). സ്രഷ്ടാവ് ഉച്ചരിച്ച ആദ്യ ശബ്ദ തരംഗം വെളിച്ചം കൊണ്ടു വന്നതു പോലെ. ഒലിവു കായയിൽ നിന്നുള്ള എണ്ണ ആലയത്തിലെ വിളക്ക് കത്തിച്ച് ആലയത്തെ പ്രകാശമാനം ആക്കുന്നു കാൽവറിയിൽ നമ്മുടെ പാപപരിഹാരത്തിനായി രക്തം ചൊരിഞ്ഞവൻ മൂലം നാം ഇന്നും നിൽക്കുന്നു, ശാഖോപശാഖയോടെ തഴച്ചു നിൽക്കുന്ന ഒലിവു വൃക്ഷമായി ഇന്നും അവൻ നമ്മെ സംരക്ഷിക്കുന്നു. ആലയത്തിലെ ഒലിവു വൃക്ഷമായി തഴച്ചു നിൽക്കുമ്പോഴും ദാവീദിനെ വേട്ടയാടുന്ന ഉപജാപക സംഘമുണ്ടായിരുന്നു. എന്നാൽ അവർക്ക് അവനെ ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ആലയത്തിന്റെ പരിശുദ്ധിയോട് ചേർന്ന് നിൽക്കാത്തവൻ അകം പൊള്ളയായ വൃക്ഷം പോലെയാണ്, സാത്താനു വേണ്ടിയോ, നമുക്കു വേണ്ടിയോ നിറയപ്പെടാതെ ദൈവഹിതത്താൽ നിറയപ്പെട്ടവരായി ജീവിച്ചു കാണുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ഇപ്രകാരമുള്ളവർ അഥവാ വചനത്താൽ നിറയപ്പെട്ടവരുടെ കണ്ണിൽ പരിശുദ്ധാത്മ അഗ്നികത്തുന്നത് നമുക്ക് കാണാം. അല്ലാത്തവരുടെ കണ്ണിൽ ഒരു ശുന്യത ആയിരിക്കും. പച്ചയായ ഒലിവു വൃക്ഷം ദീർഘകാലം നിൽക്കുന്നതു പോലെ ഫലപ്രദമായ വൃക്ഷമായി നിൽപ്പാൻ ദൈവം കൃപ ചെയ്യട്ടെ.

## പ്രാർത്ഥന

പ്രീയ യേശുവേ, ഞാൻ നിന്നോടു കൂടെയുണ്ടെന്നു അങ്ങ് തന്ന വാഗ്ദത്തത്തിനായി സ്തോത്രം. ഈ വാഗ്ദത്തം ഏറ്റെടുത്ത് അങ്ങയോട് ചേർന്ന് ജീവിച്ച്. ആലയത്തിലെ പച്ച ഒലിവു പോലെ പുഷ്ടിയുള്ളതായി നിൽപ്പാൻ ഞങ്ങൾക്ക് കൃപ ചെയ്യേണമേ.

ആമേൻ

Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind